**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4979** **20-07-2022 - ൽ മറുപടിയ്ക്ക്**

**കർഷകത്തൊഴിലാളികൾക്ക് അധിവർഷ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകത്തൊഴിലാളികൾക്ക് അധിവർഷ ആനുകൂല്യം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | അധിവർഷാനുകൂല്യം വിതരണം നടത്തുന്നത് സർക്കാർ ബോർഡിന് ലഭ്യമാക്കുന്ന സാമ്പത്തികസഹായം ഉപയോഗിച്ചാണ്. 2017-18 കാലഘട്ടത്തിൽ 30 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും അധിവർഷാനുകൂല്യ വിതരണത്തിനായി സർക്കാർ അനുവദിച്ചിരുന്നു. അതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ അനുവദിക്കുകയും 2014 ഡിസംബർ മാസം വരെയുള്ള അപേക്ഷകൾ ബോർഡ് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം ടി ആവശ്യത്തിലേക്ക് 100 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതു ലഭ്യമാകുന്ന മുറയ്ക്ക പ്രശ്നം പരിഹരിക്കപ്പെടുമെന്നാണ പ്രതീക്ഷ. |
| (ബി) | വർഷങ്ങളോളം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശദായം അടച്ചവർക്ക് സർക്കാർ വിഹിതം അടയ്ക്കാത്തതിന്റെ പശ്ചാത്തലത്തിൽ 60 വയസ്സിനുശേഷം കിട്ടേണ്ട തുക ലഭിക്കാത്തതിനാൽ ആയത് എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദാനമായി നൽകാനുള്ളത് 56 കോടി രൂപയാണ്. ആയതിലേയ്ക്കായി 2012-16 കാലഘട്ടത്തിൽ മാച്ചിംഗ് ഗ്രാന്റായി 2,97,13,000/- രൂപ (രണ്ട് കോടി തൊണ്ണൂറ്റി ഏഴായിരത്തി പതിമൂവായിരം രൂപ മാത്രം) അനുവദിച്ചിരുന്നു. എന്നാൽ, മാച്ചിംഗ് ഗ്രാന്റായി നൽകേണ്ട തുകയുടെ അഞ്ചിരട്ടിയോളം തുക (264.9 കോടി രൂപ), സംഭാവന എന്ന ഇനത്തിൽ, അധിവർഷാനുകൂല്യം നൽകുന്നതിനായി 2009-10 (114.9 കോടി), 2017-18 (30 കോടി), 2018-19 (100 കോടി), 2021-22 (20 കോടി) വർഷങ്ങളിൽ ബോർഡിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ബോർഡിന് അധിവർഷ ആനുകൂല്യ വിതരണത്തിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് സർക്കാർ അംശദായം അടയ്ക്കാത്തത് കാരണം | (സി) | നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | കർഷകത്തൊഴിലാളി പെൻഷൻ മുടങ്ങിക്കിടക്കുന്നതെന്നും ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | | മുഖേനയാണ് കർഷകത്തൊഴിലാളി പെൻഷൻ നൽകിവരുന്നത്. അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും കർഷകത്തൊഴിലാളി പെൻഷൻ എല്ലാ മാസവും മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോടൊപ്പം കൃത്യമായി വിതരണം ചെയ്തു വരുന്നുണ്ട്. |
| (ഡി) | സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ബജറ്റിൽ പ്രഖ്യാപിച്ച തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ മുഖാന്തിരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ലഭ്യമാക്കിയാൽ ഉടൻ ആയത് ബോർഡിന് ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിനെ സമീപിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ